(ബി-സി) ശ്രീമതി എൻ. ഇന്ദിരയുടെ പരാതി പരിശോധിച്ചതിൽ ടിയാൾ 30-9-1988-ലെ പബ്ലിക് സർവീസ് കമ്മീഷൻ അഡ്വൈസ് മുഖേന 25-10-1988-ൽ പത്തനംതിട്ട ജില്ലയിൽ എൽ.ഡി. ക്ലാർക്കായി ജോലിയിൽ പ്രവേശിച്ച് 11/91-ൽ നടന്ന ഡിപ്പാർട്ടുമെന്റൽ ടെസ്റ്റിൽ ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനാവശ്യമായ യോഗ്യത നേടിയിരുന്നു. പ്രസ്തുത ടെസ്റ്റിന്റെ ഫലം പ്രസിദ്ധീകരിച്ചത് 17-3-1992-ൽ ആണ്.

ശ്രീമതി ഇന്ദിരയുടെ പരാതിയിൽ പരാമർശിച്ചിട്ടുള്ള റിവ്യൂ ലിസ്റ്റിൽ 561-ാം ക്രമനമ്പരുകാരനായ ശ്രീ. പി. ജെ. പീറ്റർ 6/90-ൽ ടെസ്റ്റ് യോഗ്യത നേടിയ ആളാണ്. പ്രസ്തുത ലിസ്റ്റിലെ 563-ാം ക്രമനമ്പരുകാരനായ ശ്രീ. പി. ടി. ഉസ്മാൻ 6/90-ൽ ടെസ്റ്റ് യോഗ്യത നേടിയ ആളുമാണ്. റിവ്യൂ ലിസ്റ്റിൽ 756-ാം ക്രമനമ്പരുകാരനായ ശ്രീ. എ. ഷാനവാസ് 1-11-1989-ൽ സർവ്വീസിൽ വന്നയാളാണെങ്കിലും അദ്ദേഹം ഡിപ്പാർട്ട്മെന്റ് ജീവനക്കാരനായതിനാൽ സ്പെഷ്യൽ റൂൾ അനുസരിച്ചുള്ള റേഷ്യോ മുഖേന റിവ്യൂ ലിസ്റ്റിൽ സ്ഥാനം ലഭിച്ചയാളുമാണ്. ശ്രീമതി എൻ. ഇന്ദിര യു. ഡി. ക്ലർക്ക് തസ്തികളിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനാവശ്യമായ യോഗ്യത നേടിയ 17-3-1992-ന്ശേഷം അവരുടെ ജൂനിയർ ആയ ആർക്കും തന്നെ അവർക്ക് മുകളിലായി റിവ്യൂ ലിസ്റ്റിൽ സ്ഥാനം നിശ്ചയിച്ച് നൽകിയിട്ടില്ല.

പട്ടികവിഭാഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ച പ്ലാൻ ഫണ്ട്

117 (515) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലാപഞ്ചായത്തിന് പട്ടിക വിഭാഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ച പ്ലാൻ ഫണ്ട് ലാപ്സാക്കിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലാപഞ്ചായത്തിന് ജനകീയാസൂത്രണ പദ്ധതി പ്രകാരം അനുവദിച്ച പ്ലാൻ ഫണ്ടിൽ എത്ര തുക ചെലവഴിക്കാതെ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ മേഖലകളിൽ ചെലവഴിക്കേണ്ടിയിരുന്ന ഫണ്ടാണ് ലാപ്സാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

അരുവാപ്പുലം പഞ്ചായത്തിലെ മണൽ ലേലവുമായി ബന്ധപ്പെട്ട അഴിമതി അന്വേഷണം

118 (516) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly